പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6750 04.04.2018 ൽ മറുപടിയ്ക്ക്

## സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി<br>,, എം. നൗഷാദ്<br>,, ബി.സത്യൻ<br>,, സി. കെ. ശശീന്ദ്രൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സാക്ഷരതാ പ്രവർത്തനത്തിലും തുടർവിദ്യാഭ്യാസ പ്രവർത്തനത്തിലും അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഇപ്പോൾ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>• **<u>അക്ഷരലക്ഷം പദ്ധതി</u>**<br>കേരളത്തിൽ പരിപൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനായി ആരംഭിച്ച 'അക്ഷരലക്ഷം' പദ്ധതിയുടെ ഭാഗമായി അവശേഷിക്കുന്ന നിരക്ഷരരെ കണ്ടെത്തുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ കേരളത്തിലെ 2000 വാർഡുകളിൽ സർവേയിലൂടെ കണ്ടെത്തിയവരെ സാക്ഷരരാക്കുന്നതിനുള്ള തുടർനടപടികൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖാന്തരം സ്വീകരിച്ചുവരുന്നു.<br>• **<u>അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി</u>**<br>പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലെ ആദിവാസി ഊരുകളിൽ ഉള്ള നിരക്ഷരരെ കണ്ടെത്തി സാക്ഷരരാക്കുകയും തുടർ വിദ്യാഭ്യാസം നല്കുകയും ചെയ്യുന്നതിനായി ആരംഭിച്ച അട്ടപ്പാടി പദ്ധതിയുടെ രണ്ടാംഘട്ടം നടന്നു വരികയാണ്.<br>• **<u>വയനാട് ആദിവാസി സാക്ഷരതാ പദ്ധതി</u>**<br>വയനാട് ജില്ലയിലെ ആദിവാസികളിലെ നിരക്ഷരരായവരെ സാക്ഷരരാക്കുന്നതിനായി ആരംഭിച്ച വയനാട് ആദിവാസി സംരക്ഷണ |

പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത ആദിവാസി ഊരുകളിൽ സർവ്വേ നടത്തുകയും ആദിവാസികൾക്കിടയിൽ നിന്നുള്ള വിദ്യാഭ്യാസം ഉള്ളവരെ കണ്ടെത്തി ഇൻസ്ട്രക്ടർമാരായി തെരഞ്ഞെടുത്ത് ഇവരുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ നടന്നുവരുന്നു.

- **സമഗ്ര ആദിവാസി സാക്ഷരത-തുടർവിദ്യാഭ്യാസ പദ്ധതി**

ആദിവാസി മേഖലയിലെ നിരക്ഷരത ഇല്ലാതാക്കാനും ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സമഗ്രമായ വിദ്യാഭ്യാസ പുരോഗതി ഉറപ്പുവരുത്തുവാനും വേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ തെരഞ്ഞെടുത്ത് 100 ആദിവാസി കോളനികളിൽ സമഗ്ര ആദിവാസി സാക്ഷരത-തുടർവിദ്യാഭ്യാസ പദ്ധതി.

- **നവചേതന സാക്ഷരത-തുല്യതാപരിപാടി**

പട്ടികജാതി വിഭാഗത്തിലെ അവശേഷിക്കുന്ന നിരക്ഷരത പൂർണ്ണമായും ഇല്ലാതാക്കുക, പാതിവഴിയിൽ പഠനം മുടങ്ങിയവർക്ക് തുടർപഠനത്തിന് അവസരം നല്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് വിഭാവനം ചെയ്ത നവചേതന സാക്ഷരത-തുല്യതാപരിപാടിയുടെ ഭാഗമായി തെരഞ്ഞെടുത്ത 100 പട്ടികജാതി കോളനികളിൽ സാക്ഷരത - തുടർവിദ്യാഭ്യാസ സർവ്വേ നടത്തുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനം കേന്ദ്രീകരിച്ച് നടപ്പാക്കുന്ന ഈ പദ്ധതിയുടെ ക്ലാസ്സുകൾ ഏപ്രിൽ അവസാന വാരം ആരംഭിക്കും.

- **സമന്വയ**

കേരളത്തിലെ നിരക്ഷരരായ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്കായി സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന തുടർവിദ്യാഭ്യാസ പദ്ധതിയാണ് സമന്വയ. ഇതിന്റെ ഭാഗമായി 14 ജില്ലകളിലും തുടർ പഠനം ആഗ്രഹിക്കുന്ന ട്രാൻസ്ജെൻഡഴ്സിനെ കണ്ടെത്തുന്നതിനുള്ള സർവ്വേയിൽ 918 പേരെ കണ്ടെത്തുകയുണ്ടായി. നിരക്ഷരരായവരെ (1.2%) സാക്ഷരരാക്കുന്നതിനും ബാക്കിയുള്ളവരെ 4,7,10 ഹയർസെക്കൻഡറി തുല്യതാക്ലാസുകളിൽ രജിസ്റ്റർ

.....3

| | | | |
|---|---|---|---|
| | | | ചെയ്ത് തുടർപഠനം നല്കുന്നതിനായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട,ആലപ്പുഴ ജില്ലകളിൽ പ്രത്യേക തുല്യതാപഠനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇവരിൽ നിന്നും ഉന്നത വിദ്യാഭ്യാസം നേടിയവരെ തെരഞ്ഞെടുത്ത് അദ്ധ്യാപകരായി ചുമതല നല്കിയിട്ടുണ്ട്.<br>• **പരിസ്ഥിതി സാക്ഷരതാ പരിപാടി**<br>കേരളം നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങളെ അതിജീവിക്കുന്നതിന് കേരള സമൂഹത്തെ പ്രാപ്തമാക്കുന്നതിന് ഉതകുന്ന അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആരംഭിച്ച പരിസ്ഥിതി സാക്ഷരതാ പരിപാടിയുടെ ഭാഗമായി പരിസ്ഥിതി സാക്ഷരതാ സർവ്വേയും ജലസ്രോതസ്സുകളുടെ സ്ഥിതി വിവര പഠനവും നടത്തുകയുണ്ടായി. 2018 മേയ് മാസത്തിൽ ജലസാക്ഷരതാ ക്ലാസ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.<br>• **'ചങ്ങാതി' പദ്ധതി.**<br>കേരളത്തിലുള്ള ഇതര സംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ചങ്ങാതി പദ്ധതി ആരംഭിക്കുന്നതിന് മുന്നോടിയായി കേരളത്തിൽ ഏറ്റവും കൂടുതൽ ഇതരസംസ്ഥാന തൊഴിലാളികൾ വസിക്കുന്ന എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുൻസിപ്പാലിറ്റിയിൽ പദ്ധതിയുടെ മാതൃകാ പ്രോജക്ട് നടപ്പിലാക്കി വരികയാണ്. രണ്ടാം ഘട്ടത്തിൽ എറണാകുളം ഒഴികെയുള്ള മറ്റ് ജില്ലകളിൽ ഈ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഓരോ ജില്ലകളിൽ നിന്നും ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ തെരഞ്ഞെടുത്ത് നല്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തുല്യതാ പഠന പ്രവർത്തനങ്ങളിൽ ഓരോ വിഭാഗത്തിലും ഉണ്ടായിട്ടുള്ള പുരോഗതിയും വർദ്ധനവും പ്രത്യേകം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവരിക്കാമോ; | (ബി) | അനൗപചാരിക വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ആവശ്യമായ സന്ദർഭങ്ങളിൽ വിലയിരുത്തുന്നതിനും തീരുമാനമെടുക്കുന്നതിനുമായി പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള തുല്യതാബോർഡ് യഥാസമയങ്ങളിൽ വിളിച്ച് ചേർക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും |

.....4

| | | | |
|---|---|---|---|
| | | | ചെയ്തുവരുന്നു. |
| (സി) | പ്രസ്തുത മിഷൻ തുടർന്ന് ഏറ്റെടുക്കാൻ പോകുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ; | (സി) | സാക്ഷരതാ - തുല്യതാ പരിപാടികളും സാമൂഹ്യസാക്ഷരതാപദ്ധതികളുമാണ് മിഷൻ നടപ്പിലാക്കി വരുന്നത്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 'പച്ചമലയാളം', 'അച്ഛീഹിന്ദി', 'ഗുഡ് ഇംഗ്ലീഷ്' എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകൾ സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിൽ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മലയാള ഭാഷാ സാഹിത്യത്തിൽ ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുവാനും സാക്ഷരതാമിഷൻ ഉദ്ദേശിക്കുന്നു. |
| (ഡി) | പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് നടപ്പിലാക്കിവരുന്നത്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ മിനിമം ഒരു പഠനകേന്ദ്രം എന്ന നിലയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. പഠിതാക്കളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് കൂടുതൽ പഠനകേന്ദ്രങ്ങൾ ആരംഭിക്കാനും നിർദ്ദേശം നല്കിയിട്ടുണ്ട്. |

Madhu

സെക്ഷൻ ഓഫീസർ